(ബി) ആകെ എത്ര കോളനികളിലാണ് 1977-78 വർഷത്തിൽ പട്ടയം കൊടുത്തത് എത്ര ആൾക്കാർക്ക്;

(സി) പട്ടയം കൊടുക്കാത്തതുകൊണ്ട് കോളനിഭൂമികൾ കയ്യേറപ്പെടുന്ന ഭീഷണി വ്യാപകമായിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) കോളനികളിലെ പട്ടയം എത്രയുംവേഗം കൊടുത്തു തീർക്കുന്നതിന് വെൽഫയർ ഡിപ്പാർട്ടുമെന്റിൽ ഒരു നിശ്ചിത സമയത്തേക്ക് ഒരു സ്പെഷ്യൽ റവന്യൂ വിംഗിനെ നിയോഗിക്കുവാൻ നടപടി എടുക്കുമോ?

ഹരിജനക്ഷേമവും - സാമൂഹ്യവികസനവും വകുപ്പുമന്ത്രി (ശ്രീ. മോമോദരൻ കാളാശ്ശേരി):

(എ) ഹരിജൻ കോളനികളിൽ പട്ടയം കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

തീപിടുത്തത്തിൽ ഭവനരഹിതരായവർക്ക് നൽകിയ സഹായം

1230 [1969] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ - സാമൂഹ്യ വികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 17.2.'78 ൽ വിഴിഞ്ഞത്തുണ്ടായ തീപിടുത്തത്തിൽപ്പെട്ട ഭവനരഹിതരായവർക്കുവേണ്ടി ജി.ഒ. ആർ.ടി. 622/78/ഡിഡി., തീയതി 25.3.78 പ്രകാരം ഗവൺമെന്റ് എന്തുതുക സാങ്ഷൻ ചെയ്തു;

(ബി) ആ തുക ഭവനരഹിതരായവർക്ക് വിതരണം ചെയ്തു കഴിഞ്ഞോ;

(സി) വിതരണം ചെയ്തില്ലെങ്കിൽ അതിന് കാരണമെന്ത്?

ഉത്തരം

(എ) അഞ്ചുലക്ഷം രൂപ അനുവദിച്ചു.

(ബി) വിതരണംചെയ്തു കഴിഞ്ഞിട്ടില്ല.

(സി) റവന്യൂ വകുപ്പിൽനിന്നും ഭവനരഹിതരായ 430 മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടു നിർമ്മിക്കുന്നതിനും നന്നാക്കുന്നതിനും 2.75 ലക്ഷം രൂപ ധനസഹായം നൽകി. ഫിഷറീസ് വകുപ്പിൽനിന്നും 468 മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 5 കിലോ നൈലോൺ നൂൽ വീതം സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഇത്രയും സഹായം പ്രസ്തുത മൽസ്യത്തൊഴിലാളികൾക്ക് ഗവൺമെന്റിൽനിന്നും നൽകിക്കഴിഞ്ഞ സ്ഥിതിക്ക് കൂടുതൽ ധനസഹായം ഇതേ ആവശ്യത്തിനു വേണ്ടി നൽകേണ്ടതില്ലെന്ന് പിന്നീട് തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly